**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2035** | **06-07-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടവും മികച്ച വാഹനങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാരായമുട്ടം പോലീസ് സ്റ്റേഷന് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ആയതിന്റെ വിശദാംശം അറിയിക്കാമോ; | (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാരായമുട്ടം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി നെയ്യാറ്റിൻകര താലൂക്കിലെ പെരുങ്കടവിള വില്ലേജിലെ തത്തിയൂർ വാർഡിൽ (നം.5) ബ്ലോക്ക് നം.25-ലെ റീ സർവ്വേ നമ്പർ. 930 -ൽ പ്പെട്ട 50 സെന് ഭൂമി പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ ഭൂമി പോലീസ് വകുപ്പിന് ലഭ്യമാക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള അർത്ഥനാപത്രം തയ്യാറാക്കി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പാറശ്ശാല നിയോജകമണ്ഡലത്തിലെ മലയോര, ഗ്രാമീണ മേഖലകളിലുള്ള പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ മെയിന്റനൻസ് നടത്തുന്നതിനും പുതിയ വാഹനങ്ങൾ അനുവദിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ? | (ബി) | പാറശ്ശാല നിയോജകമണ്ഡലത്തിലെ  നെയ്യാർഡാം പോലീസ് സ്റ്റേഷനിൽ മുൻവശത്തെ വെള്ളകെട്ട് ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മലയോര, ഗ്രാമീണ മേഖലയിലെ മറ്റ് പോലീസ് സ്റ്റേഷനുകളിൽ മെയിന്റനൻസ് നടത്തേണ്ട ആവശ്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>16.10.2019 ലെ സ.ഉ(കൈ) നം.45/2019/പൊ.മ.വ പ്രകാരമുള്ള മാനദണ്ഡമനുസരിച്ചാണ് പോലീസ് സ്റ്റേഷൻ വാഹനങ്ങളിൽ ഏറ്റവും പഴക്കം ചെന്നതും കൂടുതൽ ദൂരം ഓടിയിട്ടുള്ളതുമായ വാഹനങ്ങൾ മാറ്റി പകരം പുതിയ വാഹനങ്ങൾ അനുവദിച്ച് വരുന്നത്. ഇത് പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന  മാരായമുട്ടം, വെള്ളറട എന്നീ പോലീസ് സ്റ്റേഷനുകൾക്ക് പുതിയ ലൈറ്റ് മോട്ടോർ വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്.<br><br>State Plan Scheme 2022-23 പ്രകാരം പോലീസ് സ്റ്റേഷനുകൾക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. മേൽ പ്രതിപാദിച്ച സർക്കാർ മാനദണ്ഡപ്രകാരം |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്ന പട്ടികയിൽ ഉൾപ്പെട്ട പാറശ്ശാല, നെയ്യാർഡാം, ആര്യൻകോട് എന്നീ പോലീസ് സ്റ്റേഷനുകളിലെ നിലവിലെ വാഹനങ്ങൾക്ക് പകരമായി പുതുതായി വാങ്ങുന്ന ലൈറ്റ് മോട്ടോർ വാഹനങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ പോലീസ് മേധാവി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ